# പ്രവര്‍ത്തകരോട്

ഹല്‍ഖാ അമീര്‍

**അല്ലാഹുവിന്റെ** അനുഗ്രഹത്താല്‍ പരിശുദ്ധ റമദാനിനെ ഒരിക്കല്‍കൂടി വരവേല്‍ക്കാനുള്ള അവസരം നമുക്ക് കൈവന്നിരിക്കുകയാണ്. *അല്‍ഹംദു ലില്ലാഹ്.* ഇസ്‌ലാമിക സമൂഹത്തിന് ആത്മവിശ്വാസവും ഉത്സാഹവും സമ്മാനിക്കുന്ന മുപ്പത് ദിനരാത്രങ്ങള്‍. സ്രഷ്ടാവിന്റെ കാരുണ്യത്തിനും പാപമോചനത്തിനുമായി പ്രാര്‍ഥിച്ച്, നരകവിമുക്തിയും സ്വര്‍ഗ പ്രവേശവും കൊതിച്ച് കര്‍മരംഗത്തിറങ്ങേണ്ട നിമിഷങ്ങളാണ് സമാഗതമാവുന്നത്. അതിനായി പ്രതീക്ഷയോടെ കാത്തിരിക്കുകയാണ് നാമോരോരുത്തരും. റസൂല്‍(സ) റജബ്, ശഅ്ബാന്‍ മാസങ്ങളില്‍ 'റമദാനില്‍ കര്‍മനിരതനാകുന്നതിന് അവസരമുണ്ടാകേണമേ' എന്ന് അല്ലാഹുവിനോട് പ്രാര്‍ഥിക്കാറുണ്ടായിരുന്നു. പകലിലെ നോമ്പും പാതിരാവിലെ പ്രാര്‍ഥനകളും മറ്റു ഇബാദത്തുകളും കൊണ്ട് റമദാനിനെ ധന്യമാക്കാന്‍ അല്ലാഹു നമ്മെ അനുഗ്രഹിക്കട്ടെ- ആമീന്‍.

വിശുദ്ധ മാസത്തെ സ്വാഗതം ചെയ്യുന്നതിനായി തയാറെടുക്കുകയാണ് ഇപ്പോള്‍ മുസ്‌ലിംലോകം. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള ഇസ്‌ലാമിക പ്രസ്ഥാനങ്ങളും മുസ്‌ലിം സമൂഹവും ആവേശത്തോടെ പരിശുദ്ധ റമദാനെ സ്വീകരിക്കുന്നതിനുള്ള കര്‍മപദ്ധതികള്‍ ആവിഷ്‌കരിച്ചുകൊണ്ടിരിക്കുകയാണ്. പള്ളികളും ദീനീസ്ഥാപനങ്ങളും നമ്മുടെ ജീവിത പരിസരങ്ങളും വിശുദ്ധമാസത്തെ സ്വീകരിക്കാന്‍ സജ്ജമായിട്ടുണ്ട്. നമ്മുടെ പ്രസ്ഥാനവും പ്രവര്‍ത്തകര്‍ക്ക്, പരിശുദ്ധ റമദാനിന്റെ ഗുണഫലങ്ങള്‍ നേടിയെടുക്കാനാവുംവിധം പ്രവര്‍ത്തനങ്ങള്‍ ആസൂത്രണം ചെയ്തിട്ടുണ്ട്. ഈ ആസൂത്രണങ്ങളിലും പ്രവര്‍ത്തനങ്ങളിലും അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുകയെന്നതു മാത്രമായിരിക്കണം നമ്മുടെ ഹൃദയലക്ഷ്യം. അല്ലാഹു നമ്മുടെ കര്‍മങ്ങളുടെ ഗുണദോഷവിചാരണക്ക് ഹൃദയങ്ങളിലേക്കാണ് നോട്ടമിടുന്നതെന്ന് ഖുര്‍ആനും ഹദീസും എടുത്തു പറഞ്ഞിട്ടുള്ളതാണ്. ഓരോ പ്രവര്‍ത്തകന്റെയും മനസ്സും ശരീരവും ഒത്തൊരുമിച്ചാണ് ത്യാഗത്തിന്റെ ഈ രാപ്പകലുകള്‍ക്ക് സാക്ഷിയാകേണ്ടത്.

പ്രശ്നങ്ങളും പ്രയാസങ്ങളും നിറഞ്ഞ നമ്മുടെ ജീവിതയാത്രയില്‍ പലപ്പോഴും നാം പതറിപ്പോവുക സ്വാഭാവികമാണ്. നിത്യജീവിതത്തിന്റെ രണ്ടറ്റങ്ങളെയും കൂട്ടിമുട്ടിക്കാന്‍ കഴിയാത്ത വിഷമസന്ധിയിലാണ് മനുഷ്യരിലധികവും. കൊടിയ ദാരിദ്ര്യത്തിനിടയില്‍ കാണപ്പെടുന്ന സമ്പന്നതയുടെ തുരുത്തുകളില്‍ ജീവിക്കുന്നവര്‍ക്കു പോലും മനസ്സമാധാനമോ സംതൃപ്തിയോ ലഭിക്കുന്നില്ല. ഇവിടെയാണ് വിശുദ്ധ ഖുര്‍ആന്‍ ഒരു സംതൃപ്ത സമൂഹത്തെക്കുറിച്ച് (*അന്നഫ്‌സുല്‍ മുത്മഇന്നഃ) സൂറത്തുല്‍ ഫജ്‌റില്‍* വരച്ചുകാണിക്കുന്നത്. അല്ലാഹുവിനെ ഇഷ്ടപ്പെടുകയും അല്ലാഹു ഇഷ്ടപ്പെടുകയും ചെയ്യുന്ന ഒരു മാതൃകാസമൂഹം. ജീവിത യാത്രകളില്‍ അല്ലാഹുവിന് വഴിപ്പെടുന്നുവെന്നതാണ് അവരുടെ സവിശേഷത. ജീവിതവും മരണവും അല്ലാഹുവിന് സമര്‍പ്പിക്കുന്നുവെന്ന് നമസ്‌കാരങ്ങളില്‍ പ്രതിജ്ഞ ചെയ്യാറുള്ള സത്യവിശ്വാസികളുടെ നാഥനോടുള്ള വിനീത വിധേയത്വമാണ്, പകലില്‍ അന്നവും വെള്ളവും ഉപേക്ഷിച്ചുകൊണ്ട് നാം പ്രകടിപ്പിക്കുന്നത്. ജീവിതത്തെ തഖ്‌വയിലൂടെ സ്ഫുടം ചെയ്തെടുക്കുമ്പോള്‍ മാത്രമേ പരിശുദ്ധ റമദാനിന്റെ സദ്ഫലങ്ങള്‍ നമ്മിലുണ്ടാവുകയുള്ളൂവെന്ന് പ്രവര്‍ത്തകര്‍ ഓര്‍ക്കേണ്ടതാണ്. ആചരിച്ചവസാനിപ്പിക്കേണ്ട ഒരു പതിവുശീലം എന്നതിനപ്പുറം നോമ്പിന്റെ പുതുചൈതന്യത്തെ നാം ഓരോരുത്തരും കണ്ടെത്തുകയും പരിപോഷിപ്പിക്കുകയും വേണം.

രാത്രിയിലെ നമസ്‌കാരവും ദിക്‌റുകളും പ്രാര്‍ഥനകളുമാണ് അല്ലാഹുവുമായുള്ള സാമീപ്യം ലഭ്യമാക്കുന്നതിന് നമുക്കുള്ള മാര്‍ഗങ്ങള്‍. പ്രപഞ്ചനാഥന്റെ സവിധത്തിലേക്കുള്ള പടവുകളാണ് (മിഅ്‌റാജ്) നമസ്‌കാരമെന്ന് നബി (സ) ഉദ്‌ബോധിപ്പിച്ചിട്ടുണ്ട്. രാത്രിയുടെ അവസാന സന്ദര്‍ഭങ്ങള്‍, ഇസ്‌ലാമിക പ്രവര്‍ത്തകര്‍ക്ക് വിജയവും കരുത്തും മനഃശാന്തിയും നേടിയെടുക്കാനുതകുന്ന വിലപിടിച്ച അവസരങ്ങളാണ്. നാം പ്രവര്‍ത്തനഭാരത്തെ സംബന്ധിച്ച് വ്യാകുലപ്പെടാറുണ്ട്. പുതിയ ലോകത്തിന്റെ ജീവിതത്തിരക്കുകള്‍ക്കിടയിലാണ് വൈവിധ്യമാര്‍ന്ന നിരവധി പ്രവര്‍ത്തനങ്ങളില്‍ നമുക്ക് സജീവരാകേണ്ടിവരുന്നത് എന്ന കാര്യം നിരാകരിക്കുന്നില്ല. എന്നാല്‍ തന്നെയും പ്രവര്‍ത്തനഭാരമെന്നത് ആപേക്ഷികമാണെന്നാണ് ചില പ്രവര്‍ത്തകരുടെ അനുഭവസാക്ഷ്യങ്ങള്‍ വെളിപ്പെടുത്തുന്നത്. ധാരാളം പ്രവര്‍ത്തനങ്ങള്‍ക്ക് കാര്യക്ഷമമായി നേതൃത്വം നല്‍കാനുള്ള ശേഷി അത്തരം പ്രവര്‍ത്തകര്‍ കൈവരിച്ചത് രാത്രി നമസ്‌കാരങ്ങളിലൂടെയായിരുന്നു. വിശുദ്ധ ഖുര്‍ആന്‍ പറയുന്നു: "മൂടിപ്പുതച്ചവനേ, രാത്രിയില്‍ എഴുന്നേറ്റ് നമസ്‌കരിക്കുക- ഇത്തിരിനേരമൊഴികെ. അതായത് രാവിന്റെ പകുതി. അല്ലെങ്കില്‍ അല്‍പം കുറക്കുകയോ വര്‍ധിപ്പിക്കുകയോ ചെയ്യുക. ഖുര്‍ആന്‍ നിര്‍ത്തിനിര്‍ത്തി പാരായണം ചെയ്യുക. നാം താങ്കള്‍ക്ക് ഭാരിച്ച വചനം അവതരിപ്പിക്കുന്നതാണ്" (73 :1-5). രാത്രിയില്‍ ഉണര്‍ന്നെഴുന്നേറ്റുള്ള നമസ്‌കാരം ഏറെ ഹൃദയസാന്നിധ്യം ഉളവാക്കുന്നതും സംസാരം സത്യനിഷ്ഠമാക്കുന്നതും പകലിലെ ജോലിത്തിരക്കുകള്‍ക്ക് കാര്യക്ഷമത നല്‍കുന്നതുമാണെന്നാണ് സൂറഃ *അല്‍മുസ്സമ്മിലി*ലെ ആദ്യസൂക്തങ്ങള്‍ വ്യക്തമാക്കുന്നത്. അതാകട്ടെ നബി(സ)ക്ക് നുബുവ്വത്തിന്റെ ആദ്യ നാളുകളില്‍ ലഭിച്ച ദിവ്യബോധനങ്ങളാണുതാനും. ഇസ്‌ലാമിക പ്രവര്‍ത്തകര്‍ക്ക് വ്യക്തിപരമായും പ്രാസ്ഥാനികമായും വിജയിക്കാന്‍ ഇതിനേക്കാള്‍ ഉത്തമമായ മറ്റേത് വഴിയാണുള്ളത്?

വിശുദ്ധ ഖുര്‍ആന്റെ അവതരണമാസമാണ് റമദാന്‍. വിശുദ്ധ വചനങ്ങളോടുള്ള നമ്മുടെ ബന്ധം പരിശോധനാവിധേയമാക്കാന്‍ നാം പരിശ്രമിക്കണം. നബി(സ)യും ജിബ്‌രീലും(അ) ഒത്തൊരുമയോടെ പരിശുദ്ധ ഖുര്‍ആന്റെ പഠനപരിശോധനകള്‍ ആവര്‍ത്തിക്കാറുള്ളത് റമദാനിലാണ്. ആയിരം മാസങ്ങളേക്കാള്‍ ഉത്തമമായ ലൈലത്തുല്‍ ഖദ്‌റിന്റെ ശ്രേഷ്ഠതയും ഈ പരിശോധനാവേളയോട് ബന്ധപ്പെടുത്തിയാണ് ഖുര്‍ആന്‍ അവതരിപ്പിക്കുന്നത് (*സൂറത്തുല്‍ ഖദ്ര്‍*). ഖുര്‍ആന്‍ നമ്മുടെ ഹൃദയത്തിലും ജീവിതത്തിലും ക്രമപ്രവൃദ്ധമായ സ്വാധീനം ചെലുത്തുംവിധം ഓരോ റമദാനെയും ക്രമീകരിക്കുന്നതില്‍ നാം വിജയിക്കണം. ആദ്യാവസാനം പാരായണം

ചെയ്യുക, ആശയവും അർഥവും ഗ്രഹിക്കുക, തഫ്സീറുകൾ വായിക്കുക, ഖുർആൻ ഹൃദിസ്ഥമാക്കുക തുടങ്ങിയ കാര്യങ്ങളിൽ ഓരോരുത്തരും വൈജ്ഞാനികശേഷി അനുസരിച്ച് വളരുകയും ഉയരുകയും വേണം. അവസാനത്തെ പത്തിലെ ഇഅ്തികാഫ് ഈ ആവശ്യത്തിനായി നീക്കിവെക്കണം. ഖുർആന്റെ പ്രകാശമില്ലാത്ത ഹൃദയങ്ങൾക്ക് സ്വയം മാറാനോ മനുഷ്യരെ മാറ്റാനോ സാധ്യമല്ലെന്ന് നാം തിരിച്ചറിയണം.

പാപമോചനം സാധ്യമാകുന്നതിനുള്ള അസുലഭ അവസരമായി പരിശുദ്ധ റമദാനിനെ നമുക്ക് ഉൾക്കൊള്ളാനാവണം. തെറ്റുകൾ സംഭവിക്കുമ്പോൾ നാം അല്ലാഹുവിൽനിന്ന് അകലുകയാണ് ചെയ്യുന്നത്. നന്മകൾ പ്രവർത്തിക്കുമ്പോൾ അല്ലാഹുവുമായുള്ള അടുപ്പം എളുപ്പമാകുന്നു. ഒരാൾക്ക് അല്ലാഹുവിലേക്ക് തിരിയാനും വേഗത്തിൽ സാമീപ്യം ലഭിക്കാനും റമദാനേക്കാൾ ശ്രേഷ്ഠമായ മറ്റൊരവസരമില്ല. പാപങ്ങളിൽനിന്ന് വിട്ടുനിൽക്കുന്നതിനുള്ള പരിശീലനം ഈ മാസത്തിൽ നമുക്ക് ലഭിക്കുന്നു. സ്ഥിരമായി നമ്മോടൊപ്പമുണ്ടാവുന്ന ദൗർബല്യങ്ങളിൽനിന്ന് മോചനം നേടാനുള്ള സന്ദർഭം കൂടിയാണ് കൈവന്നിരിക്കുന്നത്. അല്ലാഹുവിൽനിന്ന് പാപമോചനം സാധ്യമാവുന്നത് അല്ലാഹുവിന്റെ സൃഷ്ടികളോടുള്ള ബാധ്യതകൾ നിർവഹിക്കുമ്പോൾ കൂടിയാണ്. കുടുംബജീവിതത്തിലും അയൽപക്കബന്ധങ്ങളിലും നമുക്ക് പാളിച്ചകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ ആയത് നന്നാക്കുന്ന(മസ്‌ലഹത്ത്)തിനുള്ള സംവിധാനങ്ങൾക്ക് നാം തന്നെ മുൻകൈയെടുക്കണം. നമ്മുടെ പ്രാർഥനക്കും അല്ലാഹുവിനുമിടയിൽ ഇത്തരം പ്രശ്നങ്ങൾ ഒരു മറയാകാവതല്ല.

പരിശുദ്ധ റമദാൻ സമഭാവനയുടെ മാസമാണ് (ശഹ്റുൽ മുവാസാത്ത്). പട്ടിണിയുടെ വിലയറിയാൻ നോമ്പ് ഉപകരിക്കുമെന്ന് ചില സാമൂഹിക ശാസ്ത്രജ്ഞർ രേഖപ്പെടുത്തിയിട്ടുണ്ട്. ധർമിഷ്ഠനും സൗമ്യശീലനുമായിരുന്ന നബി തിരുമേനി(സ) റമദാനിൽ ഏറെ ഉദാരനാകുമായിരുന്നുവെന്ന് ഹദീസുകളിൽനിന്ന് നാം മനസ്സിലാക്കിയിട്ടുണ്ട്. പട്ടിണിക്കാരെയും സാമ്പത്തിക വൈഷമ്യങ്ങൾ അനുഭവിക്കുന്നവരെയും ആശ്വസിപ്പിക്കാൻ ഇസ്‌ലാമികസമൂഹം ഏറെ ചെലവഴിക്കുന്നത് പരിശുദ്ധ റമദാനിലാണ്. സകാത്തിന്റെ സംഭരണവും വിതരണവും പ്രവർത്തനക്ഷമമാവുന്നതും ഈ മാസത്തിൽ തന്നെയാണ്. ഈ പ്രവർത്തനങ്ങളിലത്രയും സഹകരിക്കുകയെന്ന ദൗത്യം കൂടി നമുക്ക് ഓരോരുത്തർക്കുമുണ്ട്. അല്ലാഹുവിന്റെ പ്രീതി കാംക്ഷിച്ചുകൊണ്ട് ചെയ്യുന്ന ഓരോ പുണ്യത്തിനും ഇരട്ടിയിരട്ടി പ്രതിഫലം വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ള മാസംകൂടിയാണ് റമദാൻ.

നാം ഏറ്റെടുത്ത പ്രവർത്തനങ്ങൾ കാര്യക്ഷമവും എളുപ്പവുമാക്കാനുള്ള പ്രധാന വഴികളിലൊന്നാണ് നമ്മുടെ ബന്ധങ്ങൾ. പ്രവർത്തകർ പരസ്പരവും അവരുടെ കുടുംബങ്ങൾ, മുസ്‌ലിം സമുദായത്തിലെ സഹോദരന്മാർ, നമ്മുടെ പ്രബോധിതർ എന്നിവരൊക്കെയുമായുള്ള ഊഷ്മള ബന്ധമാണ് ഇസ്‌ലാമിക പ്രസ്ഥാനം ആഗ്രഹിക്കുന്നത്. ഇഫ്ത്വാറുകൾ ഇതിന് ഏറെ സഹായകമാണ്.

പരിശുദ്ധ റമദാനിലെ നമ്മുടെ ഏറ്റവും വലിയ കരുത്താണ് പ്രാർഥന. പ്രാർഥന തന്നെയാണ് ആരാധനയെന്ന് റസൂൽ(സ) നമ്മെ പഠിപ്പിച്ചിട്ടുണ്ട്. ദൈവത്തെ വെല്ലുവിളിക്കുകയും ധിക്കാരം ഭരണനയമാക്കുകയും ചെയ്യുന്ന സാമ്രാജ്യത്വത്തിനും, ദുർബലരും ചകിതരുമായ മർദിതർക്കും ഇടയിലാണ് ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. വിശ്രമമില്ലാതെ അധ്വാനിക്കുന്നതോടൊപ്പംതന്നെ, ഹൃദയത്തിന്റെ അഗാധതകളിൽനിന്നുയരുന്ന പ്രാർഥനയും നമുക്ക് ആവശ്യമായ സന്ദർഭമാണ് ഇത്. ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ വളരെ വിലപ്പെട്ട കൈമുതലാണ് പ്രവർത്തകരുടെ പ്രാർഥന. അതു സംബന്ധമായി ഓർമപ്പെടുത്തിയെന്നുമാത്രം. അവസാനമായി ഒരു കാര്യം കൂടി പറയട്ടെ: അല്ലാഹുവിൽ പ്രതീക്ഷയർപ്പിച്ചുകൊണ്ട് നാം കർമനിരതരാവുക, തീർച്ചയായും നമുക്ക് വിജയിക്കാനാകും. അതാണ് വിശുദ്ധ ഖുർആൻ നൽകുന്ന മഹത്തായ പാഠം. ■